പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 91 — 10.08.2017 ൽ മറുപടിക്ക്

## സംസ്ഥാനത്തിന്റെ റെയിൽവേ വികസനത്തിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എസ്.ശർമ്മ<br>,, വി.കെ. ശശി<br>,, കെ. ആൻസലൻ<br>,, പുരുഷൻ കടലുണ്ടി | ശ്രീ. ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ റെയിൽ പാതകളും പാലങ്ങളും നവീകരിക്കാത്തതും പാതയിരട്ടിപ്പ്, പുതിയ പാതകൾ, വൈദ്യുതീകരണം തുടങ്ങിയ വികസന പ്രവർത്തനങ്ങളിൽ സംസ്ഥാനത്തിന് അർഹമായ പരിഗണന നൽകാത്തതും സംസ്ഥാനത്തിന്റെ പൊതു വികസന പ്രവർത്തനങ്ങളെ മന്ദീഭവിപ്പിക്കുമെന്നതിനാൽ റെയിൽവേയുടെ അവഗണന അവസാനിപ്പിക്കുവാൻ വേണ്ട സമ്മർദ്ദം ചെലുത്തുമോ; സംസ്ഥാന സർക്കാർ ഏതൊക്കെ പദ്ധതികളാണ് കേന്ദ്രത്തോട് ആവശ്യപ്പെട്ടിരിക്കുന്നതെന്ന് അറിയിക്കുമോ; | (എ) സംസ്ഥാനത്തെ റെയിൽവേ വികസനത്തിനായി കേരള സർക്കാർ കേന്ദ്ര സർക്കാരിൽ നിരന്തരം സമ്മർദ്ദം ചെലുത്തിവരികയാണ്. ബഹു. മുഖ്യമന്ത്രി പ്രധാന മന്ത്രിക്കും റെയിൽവേ മന്ത്രിക്കും, സംസ്ഥാനത്തിന്റെ റെയിൽവേ വകുപ്പ മന്ത്രി കേന്ദ്ര റെയിൽവേ വകുപ്പ മന്ത്രിക്കും, ഇത് സംബന്ധിച്ച് നിരവധി കത്തുകൾ അയച്ചിട്ടുണ്ട്. എം.പിമാരുടെ തലത്തിലും ഉദ്യോഗസ്ഥ തലത്തിലും നിരന്തരം സമ്മർദ്ദം ചെലുത്തി വരുന്നു. റെയിൽപാതകളുടെ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കുന്നതിനും കാലപ്പഴക്കം വന്ന റെയിൽ പാളങ്ങൾ പുന:സ്ഥാപിക്കുന്നതിനും റെയിലുകളുടെ തേയ്മാനവും വിള്ളലുകളും പരിഹരിക്കുന്നതിനും പഴക്കം ചെന്നതും ഉപയോഗയോഗ്യമല്ലാത്തതും ആയ കോച്ചുകൾ മാറ്റി, ആധുനിക സൗകര്യങ്ങളോടുകൂടിയ കോച്ചുകൾ ഉള്ള ട്രെയിൻ ഓടിക്കുന്നതിനും സുരക്ഷിതത്വം ഉറപ്പാക്കുന്നതിനുമുള്ള ടെക്നിക്കൽ വിഭാഗങ്ങൾ ഉൾപ്പെടെയുള്ള റെയിൽവേയിലെ നിർണ്ണായക തസ്തികകളിൽ നിലവിലുള്ള മൂവായിരത്തോളം ഒഴിവുകളിൽ അടിയന്തിരമായി നിയമനം നടത്തുന്നതിനും റെയിൽവേ യാത്രക്കാരുടെ, പ്രത്യേകിച്ചും വനിതായാത്രക്കാരുടെ സുരക്ഷ ഉറപ്പാക്കുന്നതിനും കേരളത്തോടുള്ള അവഗണന അവസാനിപ്പിച്ച് കേരളത്തിന്റെ ദീർഘകാല ആവശ്യങ്ങളായ പാത ഇരട്ടിപ്പിക്കൽ, വൈദ്യുതവൽക്കരണം, സിഗ്നൽ പരിഷ്കരണം, കേരളത്തിന് മാത്രമായൊരു റെയിൽവേ സോൺ, റെയിൽ കോച്ച് ഫാക്ടറി തുടങ്ങിയ ആവശ്യങ്ങളും റെയിൽ ബജറ്റിൽ പ്രഖ്യാപിച്ചതും നാളിതുവരെ നടപ്പാക്കാത്തതുമായ പദ്ധതികൾ നടപ്പിലാക്കുന്നതിനും ജില്ലാ കേന്ദ്രങ്ങളിലെ റെയിൽവേ സ്റ്റേഷനുകൾ ആധുനിക സൗകര്യങ്ങളോടുകൂടി നവീകരിക്കുന്നതിനും സംസ്ഥാനത്തെ സമ്പൂർണ്ണ വെളിയിട വിസർജ്ജന വിമുക്തമായി പ്രഖ്യാപിക്കപ്പെട്ട സാഹചര്യത്തിൽ സംസ്ഥാനത്തിലൂടെ ഓടുന്ന ട്രെയിനുകളിൽ ബയോ ടോയ്-ലറ്റുകൾ |

അടിയന്തിരമായി ഏർപ്പെടുത്തുന്നതിനും അതോടൊപ്പം ഇന്ത്യൻ റെയിൽവേ ദീർഘകാലമായി കേരളത്തോട് കാട്ടുന്ന അവഗണന അവസാനിപ്പിക്കുന്നതിനുമായി 03.11.2016 ൽ നിയമസഭ പ്രമേയം പാസ്സാക്കുകയും പ്രസ്തുത പ്രമേയം റെയിൽവേ മന്ത്രാലത്തിന് അയച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ കേന്ദ്ര റെയിൽവേ ബഡ്ജറ്റിന് മുന്നോടിയായി വർഷാ വർഷങ്ങളിൽ കേരളത്തിലെ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് മെമ്മോറാണ്ടം സമർപ്പിക്കാറുണ്ട്.

സംസ്ഥാനത്തെ റെയിൽവേ വികസനത്തിനായി കേന്ദ്രവുമായി ചേർന്ന് ഒരു സംയുക്ത സംരംഭക കമ്പനി, കേരള റെയിൽ വികസന കോർപ്പറേഷൻ 2017 ജനുവരി മാസം രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത കമ്പനി താഴെപറയുന്ന പദ്ധതികൾ ഘട്ടം ഘട്ടങ്ങളിലായി നടപ്പിൽ വരുത്തുവാൻ ഊർജ്ജിത ശ്രമം നടത്തി വരുന്നു.

**ഒന്നാം ഘട്ടം**

1. റാപ്പിഡ് റെയിൽ ട്രാൻസിറ്റ് സിസ്റ്റം (സബർബൻ റെയിൽ പ്രോജക്റ്റ്)

2. തലശ്ശേരി-മൈസൂർ റെയിൽവേ പാത

3. എറണാകുളം പഴയ റെയിൽവേ സ്റ്റേഷൻ പുനരുജ്ജീവിപ്പിച്ച് പുന:പ്രവർത്തനം ആരംഭിക്കുന്ന പദ്ധതി

4. കൊച്ചി വിമാനത്താവളത്തിലേക്ക് ത്രികോണ റെയിൽ ലൈൻ വലിച്ച് യാത്രക്കാരുടെ സൗകര്യത്തിനായി റെയിൽവേ സ്റ്റേഷനും കണ്ടെയ്നർ ചരക്കു നീക്കത്തിനായി ടെർമിനലും സ്ഥാപിക്കൽ

5. വിഴിഞ്ഞം ഇന്റർനാഷണൽ തുറമുഖം തിരുവനന്തപുരം - കന്യാകുമാരി ലൈൻ ബന്ധിപ്പിക്കുന്ന വിഴിഞ്ഞം - ബാലരാമപുരം പുതിയ ബ്രോഡ് ഗേജ് ലൈൻ

**രണ്ടാം ഘട്ടം**

1. എരുമേലി-പുനലൂർ-നിർദ്ദിഷ്ട അങ്കമാലി എരുമേലി പാതയെ എരുമേലിയിൽ നിന്നും പുനലൂർ റെയിൽവേ സ്റ്റേഷനുമായി ബന്ധിപ്പിക്കുന്ന പാത.

2. ഏറ്റുമാനൂർ-ശബരി ലിങ്ക് ലൈൻ-നിർദ്ദിഷ്ട അങ്കമാലി-ശബരി ലൈനിനെ ഏറ്റുമാനൂർ റെയിൽവേ സ്റ്റേഷനുമായി ബന്ധിപ്പിക്കുന്ന പാത.

**മൂന്നാം ഘട്ടം**

നിലമ്പൂർ-നഞ്ചൻകോട്-നിലമ്പൂർ റെയിൽവേ സ്റ്റേഷനെ കർണാടക സംസ്ഥാനത്തിലെ നഞ്ചൻകോട് റെയിൽവേ സ്റ്റേഷനുമായി ബന്ധിപ്പിക്കുന്ന പാത.

| | |
|---|---|
| (ബി) സംസ്ഥാനത്തിന്റെ റെയിൽവേ വികസനത്തിന് അനിവാര്യമായ റെയിൽവേ സോൺ എന്ന | (ബി) യും (സി) തിരുവനന്തപുരം-തിരുനെൽവേലി പാതയും നാഗർകോവിൽ - കന്യാകുമാരി പാതയും തിരുവനന്തപുരം ഡിവിഷനിൽ നിന്നും വേർപെടുത്തി മധുരൈ ഡിവിഷന്റെ ഭാഗമാക്കാൻ |

ആവശ്യത്തോട് മാറി മാറി വന്ന കേന്ദ്ര സർക്കാരുകളുടെയും റെയിൽവേയുടെയും നിലപാടെന്തായിരുന്നെന്ന് അറിയിക്കുമോ;

(സി) അയൽ സംസ്ഥാനങ്ങളുടെ നിക്ഷിപ്ത താല്പര്യം സംരക്ഷിക്കാൻ മാത്രം ഉതകുന്ന തിരുവനന്തപുരം റെയിൽവേ ഡിവിഷൻ വിഭജനം ഒഴിവാക്കാനായി എന്തൊക്കെ ഇടപെടൽ സാധ്യമാകുമെന്ന് വ്യക്തമാക്കുമോ?

യും പോകുന്നുവെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ബഹു. മുഖ്യമന്ത്രി പ്രധാനമന്ത്രിക്കും കേന്ദ്ര റെയിൽവേ വകുപ്പ് മന്ത്രിക്കും കത്തുകൾ അയച്ചിട്ടുണ്ട്. കേരളത്തിന്റെ റെയിൽവേയുടെ ചുമതലയുള്ള പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി കേന്ദ്ര റെയിൽവേ മന്ത്രിക്കും ഇതു സംബന്ധിച്ച് കത്ത് അയച്ചിട്ടുണ്ട്. കേരളത്തിലെ റെയിൽവേയുടെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത മൂലവും റെയിൽവേയിൽ നിന്നും ആവശ്യമായ നിക്ഷേപങ്ങൾ ലഭ്യമാകാത്തതു മൂലവും കേരളത്തിലെ റെയിൽവേയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി കേരള സർക്കാർ കേന്ദ്ര സർക്കാരുമായി ചേർന്ന് 51:49 ഓഹരി അനുപാതത്തിൽ ഒരു സംയുക്ത സംരംഭക കമ്പനി രൂപീകരിച്ചിരുന്നു. ചെന്നൈ ആസ്ഥാനമായി മാത്രം സോണൽ ഓഫീസ് ഉള്ളതിനാൽ റാപ്പിഡ് റെയിൽ ട്രാൻസിറ്റ് സിസ്റ്റം (സബർബൻ റെയിൽ പ്രോജക്റ്റ്), തലശ്ശേരി - മൈസൂർ പാത, അങ്കമാലി - ശബരി പാത, ഗുരുവായൂർ - തിരുനാവായ പാത, പാലക്കാട് റെയിൽ കോച്ച് ഫാക്ടറി എന്നീ പദ്ധതികൾ ദീർഘകാലമായി നീണ്ടു പോകുന്ന സാഹചര്യമാണ് ഉള്ളത്. യഥാകാലം പദ്ധതികൾ നടപ്പിലാക്കുന്നതിനായി സതേൺ റെയിൽവേയുടെ തിരുവനന്തപുരം - പാലക്കാട് ഡിവിഷനുകളെ ചേർത്ത് എറണാകുളം ആസ്ഥാനമായി ഒരു പെനിൻസുലാർ സോൺ രൂപീകരിക്കുന്ന വിഷയം കേന്ദ്ര സർക്കാരിന് മുമ്പാകെ ഉന്നയിച്ചിട്ടുണ്ട്. പെനിൻസുലാർ സോണിൽ കന്യാകുമാരി മുതൽ മംഗലാപുരം വരെയുള്ള റെയിൽവേയുടെ ഭാഗങ്ങൾ ഉൾപ്പെടുത്താവുന്നതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഈ സോണിന്റെ ആസ്ഥാനത്തിനായി എറണാകുളത്തെ ഹൈക്കോർട്ടിന് സമീപമുള്ള റെയിൽവേ വക 42 ഏക്കർ ഭൂമി വിനിയോഗിക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. തിരുവനന്തപുരം റെയിൽവേ സ്റ്റേഷന്റെ സാറ്റലൈറ്റ് സ്റ്റേഷനായി വികസിച്ചു വരുന്ന നേമം സ്റ്റേഷനെ വേർപെടുത്താനുള്ള ശ്രമങ്ങളും കൂടാതെ തിരുവനന്തപുരം - തിരുനെൽവേലി പാതയും, നാഗർകോവിൽ-കന്യാകുമാരി പാതയും തിരുവനന്തപുരം ഡിവിഷനിൽ നിന്ന് വേർപ്പെടുത്തി മധുരൈ ഡിവിഷന്റെ ഭാഗമാക്കാനുള്ള ശ്രമങ്ങളും ഉപേക്ഷിക്കണമെന്നും പ്രധാന മന്ത്രിക്കും റെയിൽവേ മന്ത്രിക്കും അയച്ച കത്തുകളിൽ ആവശ്യപ്പെട്ടിട്ടുണ്ട്.

അണ്ടർ സെക്രട്ടറി